തേവള്ളിപ്പാലം

397 [432] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തേവള്ളിപ്പാലത്തിന്റെ കേടുപാടുകൾ തീർക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തേവള്ളിപ്പാലത്തിന്റെ കേടുപാടുകൾ കണ്ടുപിടിച്ച് തിട്ടപ്പെടുത്തുന്ന ജോലി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചതനുസരിച്ച് കോർപ്പറേഷൻ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും പാലത്തിന്റെ ബലഹീനത പരിഹരിക്കുന്നതിലേക്കായി 51,51,350 രൂപയ്ക്കുള്ള ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത എസ്റ്റിമേറ്റിന് 24-3-1986-ൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ ജോലി ഏറ്റെടുത്ത് നടത്തുന്നതിന് വേണ്ടി വരുന്ന റേറ്റിനെക്കുറിച്ചു (Rates to be fixed) റിപ്പോർട്ട് ചെയ്യുവാനും കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് കോർപ്പറേഷൻ വിശദമായ എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി വരികയാണ്. ജൂലൈ അവസാനത്തോടുകൂടി ഇത് പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വരഡൂൽ പാലം

398 [433] ശ്രീ. സി.പി. മുസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുംമുനമ്പ്-കോഴംബാട്ട റോഡു (എം.എൽ.എ. റോഡ്) മായി ബന്ധിപ്പിക്കുന്ന വരഡൂൽ പാലത്തിന്റെ പണി തുടങ്ങാനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ, ബി) വരഡൂൽപാലം നിർമ്മിക്കേണ്ടത് കാവുംമുനമ്പ്-മുള്ളൂൽ വെള്ളിക്കീൽ, ഏഴാം മൈൽ തൃച്ചംബരം, മുയ്യം-ബാവുപറമ്പ, കോഴംമോട്ട റോഡിലാണ്. റോഡിന്റെ ഒന്നാംഘട്ടത്തിന്റെ പരിഷ്കരണത്തിനുവേണ്ടി വരുന്ന 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പണി ഏറ്റെടുത്തു നടത്താനുള്ള അനുവാദവും നൽകിയിട്ടുണ്ട്.

പാലത്തിന്റെ പണിക്ക് വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കേണ്ടതുണ്ട്. ഡിസൈൻ തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നീ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമേ പണി ആരംഭിക്കുവാൻ കഴിയൂ. അതിനാൽ പ്രവർത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly